പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 1239

13/12/2012-ൽ മറുപടി
നൽകേണ്ടത്

## സംസ്ഥാനത്ത് ഭൂരഹിതർക്ക് പട്ടയം നൽകുന്ന പദ്ധതി

| ചോദ്യം<br>ശ്രീ. എസ്.ശർമ്മ | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ)സംസ്ഥാനത്ത് ഭൂരഹിതർക്ക് പട്ടയം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ യാണെന്ന് വിശദമാക്കുമോ; | (എ)കേരള സംസ്ഥാനത്തെ 2015 ഓടുകൂടി ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കി മാറ്റുന്നതിന് "Zero Landless (Citizens) Kerala 2015" എന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളതാണ്. പ്രസ്തുത പദ്ധതി നടപ്പിലാക്കു ന്നതിന്റെ മുന്നോടിയായി ഭൂമി പതിവിനുള്ള അപേക്ഷ 23/01/2012ലെ ജി.ഒ.(പി) 31/2012/ആർ.ഡി പ്രകാരം ഭേദഗതി വരുത്തിയിട്ടുള്ളതും അപേക്ഷാ ഫാറങ്ങളുടെ വിതരണം, 09/03/2012 മുതൽ 18/07/2012 വരെ വില്ലേജാഫീസുകൾ മുഖേന നടത്തുകയും ചെയ്തിട്ടുണ്ട്. വില്ലേജാഫീസുകളിൽ ലഭിച്ച പൂരിപ്പിച്ച അപേക്ഷ കളിന്മേൽ വില്ലേജാഫീസറുടെ പരിശോധനയും തഹസിൽദാരുടെ മേൽ പരിശോധനയും പൂർത്തിയാക്കി പ്രഥമദൃഷ്ട്യാ അർഹരാണെന്ന് കണ്ടെത്തിയിട്ടുള്ള മുഴുവൻ ഭൂരഹിതരുടെയും വിവരങ്ങൾ 15/08/2012ന് പദ്ധതിയുടെ വെബ്സൈറ്റായ www.zerolandless.kerala.gov.inൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ഇപ്രകാരം 2,33,232 അപേക്ഷകൾ ഭൂമി ലഭിക്കുന്നതിന് അർഹരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഒരു ഭൂരഹിത കുടുംബത്തിന് വീട് വയ്ക്കാൻ അനുയോജ്യമായ 3 സെന്റ് ഭൂമി വീതം പതിച്ചു നൽകാനാണ് ഈ പദ്ധതിയിൽ ലക്ഷ്യമാക്കിയിരിക്കുന്നത്. അതിൻ പ്രകാരം ഓരോ ജില്ലയിലും വിതരണം ചെയ്യുന്നതിനാവശ്യമായ ഭൂമിയുടെ ലഭ്യത പരിശോധിച്ച് വിവരം റിപ്പോർട്ട് ചെയ്യുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈപ്പിൻ നിയോജക മണ്ഡലത്തിലെ എത്രപേർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈപ്പിൻ നിയോജക മണ്ഡലത്തിലെ 153 പേർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ